# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1821 | 16.06.2014-ൽ മറുപടിയ്ക്ക്

## കല്ലയം കിഴക്കേ മുക്കോലയിലെ അഞ്ചംഗ കുടുംബത്തിന്റെ ആത്മഹത്യ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.രമേശ് ചെന്നിത്തല .<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കല്ലയം കിഴക്കേ മുക്കോലയിലെ അഞ്ചംഗ കുടുംബത്തിന്റെ ആത്മഹത്യയ്ക്ക് ഉത്തരവാദികളായ ബ്ലേഡ് മാഫിയക്കാർക്കെതിരെ സ്വീകരിച്ച പോലീസ് നടപടികൾ വിശദമാക്കാമോ? | (എ) മണ്ണന്തല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 480/14 u/s 447, 384, 306,506(i) IPC and Sec.13,17 of Money Lenders Act r/w 9 of Kerala Prohibition of Charging of Exorbitant Interest, 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികളിൽ ആറു പേരെ അറസ്റ്റ് ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) കുറ്റക്കാരായ ബ്ലേഡ് മാഫിയ സംഘത്തിന്റെ നേതൃത്വത്തിൽ വൻ റാക്കറ്റ് ജില്ലയിലാകെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെല്ലാം പോലീസ് കസ്റ്റഡിയിലാണോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം ഗത്യന്തരമില്ലാതെ കുടുംബം ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച് അന്വേഷിക്കുന്ന പോലീസ് സംഘം ഇതിനകം എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; യഥാർത്ഥ എല്ലാ കുറ്റവാളികളെയും അറസ്റ്റു ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ; ആത്മഹത്യാകുറിപ്പിൽ പരാമർശിക്കപ്പെട്ടയാളും സ്ഥലത്തെ പോലീസ് സേനയിലെ ചിലരും തമ്മിലുള്ളതായി പറയപ്പെടുന്ന ബന്ധം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; പോലീസ് സഹായത്തോടെ ഏതെല്ലാം കേസുകളിൽ നിന്ന് ഇയാൾ രക്ഷപ്പെടുകയുണ്ടായിട്ടുണ്ട്; | (സി) മേൽ കേസിൽ ഇതുവരെ ആറുപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. ഇനി ഈ കേസിൽ 2 പേരെ കൂടി അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. ഈ കേസിലെ പ്രതികളെ സംബന്ധിക്കുന്ന എല്ലാ അനധികൃത ബന്ധങ്ങളും മറ്റും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. പോലീസിന്റെ സഹായത്താൽ ആരെയും നിയമത്തിന്റെ പഴുതിൽ നിന്നും രക്ഷപ്പെടാൻ അനുവദിച്ചിട്ടില്ല. |
| (ഡി) ആത്മഹത്യയ്ക്ക് മുമ്പ് ഈ കുടുംബത്തിൽ നിന്ന് പോലീസിനു ലഭിച്ച പരാതികളിൽ നിയമാനുസൃതമായ നടപടികൾ ഉണ്ടാകാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ഡി) പോലീസിന് ലഭിച്ച പരാതികളിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ